കേരള സർക്കാർ

നം 336/ഡി സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 24.06.2017

## സർക്കുലർ

വിഷയം: മഴക്കാല രോഗ പ്രധിരോധ/നിയന്ത്രണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും അടിയന്തിര സാഹചര്യം നേരിടുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുന്നതിനു നിർദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന: 1. സ.ഉ ( സാധാ ) നം.2096/2017/ത.സ്വ.ഭ.വ തീയതി 21.06.2017
2.സ.ഉ ( സാധാ ) നം.2111/2017/ത.സ്വ.ഭ.വ തീയതി 23.06.2017
3.സർക്കുലർ നമ്പർ 337/ഡി സി 1/16/തസ്വഭവ തീയതി 23.06.2017
4.ബഹു.മുഖ്യമന്ത്രി 23.06.2017 ൽ വിളിച്ച ചേർത്ത സർവ്വകക്ഷിയോഗത്തിലെ തീരുമാനം

മഴക്കാല രോഗങ്ങളെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും താത്കാലികമായി നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾക്ക് നിർദേശം നൽകി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും അഭിമുഖം നടത്തി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു സൂചന 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.

മഴക്കാല രോഗ പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ നിർവ്വഹണം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഉറപ്പാക്കേണ്ടതും ഫീൽഡ് തല നിർവ്വഹണത്തിന്റെ പുരോഗതി നിരന്തരം നിരീക്ഷിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പ് തലവന്മാർ സ്വീകരിക്കേണ്ടതുമാണ്.

സൂചന 4 അനുസരിച്ച് പകർച്ചവ്യാധികൾ സംബന്ധിച്ച അടിയന്തിര സാഹചര്യം നേരിടുന്നതിനുള്ള കൂടുതൽ നടപടികൾ ചർച്ച ചെയ്തു തീരുമാനിക്കുന്നതിനു 2017 ജൂൺ 27 നു മുൻപ് എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന (ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപറേഷൻ) തലത്തിൽ സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**സിന്ധു.എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗര കാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
മേയർ/ചെയർമാൻ/പ്രസിഡന്റ്/സെക്രട്ടറി(എല്ലാതദ്ദേശസ്വയംഭരണസ്ഥാപനങ്ങളും)
(പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രസിഡന്റ്,ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ചെയർമാൻ,മുനിസിപ്പൽ ചെയർമെൻസ് ചേംബർ(നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ,മേയേർസ് കൗൺസിൽ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രസിഡന്റ്,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അടിയന്തിരമായി ഇ മെയിൽ നല്കുന്നതിനുമായി )
ഡയറക്ടർ,ഐ & പി. ആർ. ഡി /വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു.മുഖ്യമന്ത്രിയുടെ പി എസ് ന്
ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പി എസ് ന്
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ACS ന്റെ പി എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്